II ശ്രദ്ധ ക്ഷണിക്കൽ

(1) ആലപ്പുഴ ബൈപ്പാസ് നിർമ്മാണം

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എ. എ. ഷുക്കൂർ: സർ, ആലപ്പുഴ ബൈപ്പാസിന്റെ പണി തുടങ്ങിയിട്ട് 25 വർഷക്കാലം പിന്നിടുകയാണ്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക വിനിയോഗിച്ചുകൊണ്ട് ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേലാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 25 വർഷക്കാലമായിട്ടും ആലപ്പുഴ ബൈപ്പാസിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അനുകൂലമായ ഒരു നടപടിയെന്ന നിലയിൽ കേന്ദ്രഗവൺമെന്റ് കഴിഞ്ഞ ദിവസം ഇതിനാവശ്യമായ 157 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ആലപ്പുഴ എസ്.ഡി. കോളേജിന് മുൻവശത്തുനിന്ന് ആരംഭിച്ച് കൊമ്മാടി ജംഗ്ഷനിൽ അവസാനിക്കുന്ന ഏകദേശം 7.58. കി.മീറ്റർ ദൈർഘ്യം വരുന്ന ഈ ബൈപ്പാസിന്റെ നിർമ്മാണം ത്വരിതഗതിയിൽ ആരംഭിക്കണം. ഇത് ആരംഭിക്കാനുള്ള കാലതാമസം പലതുണ്ടായിരുന്നു. ഇടക്കാലത്ത് രണ്ട് ഭാഗത്തുനിന്നുമുള്ള റോഡുനിർമ്മാണം ആരംഭിച്ചു. വടക്കുഭാഗത്ത് കൊമ്മാടിയിൽനിന്ന് ബീച്ച് വരെയും തെക്കുഭാഗത്ത് എസ്.ഡി. കോളേജിന്റെ മുൻവശത്തുനിന്ന് റെയിൽവെ കുതിരപ്പന്തി ജംഗ്ഷൻ വരെയുമുള്ള ഭാഗത്തെ റോഡുകളുടെ നിർമ്മാണം പൂർത്തിയായി. എന്നാൽ രണ്ട് റെയിൽവെ ഓവർബ്രിഡ്ജുകളെയും കടൽത്തീരത്തെ റോഡിനെയു സംബന്ധിച്ചുള്ള ചില ആശയകുഴപ്പങ്ങളും ഉണ്ടായിരുന്നു. കടൽത്തീരത്തുകൂടി റോഡ് കടന്നുപോയാൽ ആലപ്പുഴയിലെ മനോഹരമായ വിനോദസഞ്ചാര മേഖലയായ കടപ്പുറത്തിന്റെ സൗന്ദര്യം കവർന്നെടുക്കപ്പെടുമെന്നുള്ളത് ജനങ്ങളിലുണ്ടായ ഒരു ആശങ്കയായിരുന്നു. ആ ആശങ്ക ദൂരീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകണമെന്നുതന്നെയാണ് ആലപ്പുഴക്കാരും ആലപ്പുഴയെ സ്നേഹിക്കുന്ന പ്രകൃതിസ്നേഹികളുമെല്ലാം ആഗ്രഹിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് നിരവധി തവണ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ അതിന് പല തടസ്സങ്ങളാണ് അപ്പോൾ ഉന്നയിച്ചുകൊണ്ടിരുന്നത്. എന്നാൽ ഈ ആവശ്യം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്ര സർക്കാരിന് മുമ്പാകെ ആലപ്പുഴയുടെ എം.പി.-യും ആലപ്പുഴയിൽനിന്നുള്ള കേന്ദ്ര മന്ത്രിമാരായ ശ്രീ. എ. കെ. ആന്റണിയും ശ്രീ. വയലാർ രവിയും സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 157 കോടി രൂപ കഴിഞ്ഞ രണ്ടാഴ്ചകൾക്കുമുമ്പ് അനുവദിച്ചത്. ഈ പണം ഉപയോഗിച്ചുകൊണ്ട് ഒരു കാലതാമസവും വരുത്താതെ യുദ്ധകാലാടിസ്ഥാനത്തിൽ ഈ പണി പൂർത്തീകരിക്കാൻ കഴിയണം. 95 മീറ്റർ നീളമുള്ള രണ്ട് ആർ. ഒ.ബി.-കളും (റെയിൽവെ ഓവർ ബ്രിഡ്ജ്) അതോടൊപ്പംതന്നെ 1,080 മീറ്റർ നീളം വരുന്ന ഒരു ഫ്ളൈ ഓവറും നിർമ്മിച്ച് ബൈപ്പാസിന്റെ പണി പൂർത്തീകരിക്കേണ്ടതുണ്ട്. അടിയന്തരമായി ഇത് പൂർത്തീകരിക്കാൻ കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴയിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകും. ഈ ഗതാഗതക്കുരുക്കുമൂലം നമ്മുടെ നാട്ടിൽ ഒരുപാട് അപകട മരണങ്ങൾ ഉണ്ടായിട്ടുണ്ട്. റോഡപകടങ്ങളിലൂടെ മരണപ്പെടുന്നവരുടെ അംഗസംഖ്യ ഓരോ ദിവസവും വർദ്ധിക്കുകയാണ്. ഗതാഗതക്കുരുക്ക്, റോഡ് അപകടങ്ങൾ എന്നിവയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ ഗവൺമെന്റും പൊതുമരാമത്തുവകുപ്പും മുൻകൈയെടുത്തുകൊണ്ട് അടിയന്തര നടപടി സ്വീകരിക്കണം. അതിനാവശ്യമായ എല്ലാ പിന്തുണയും സംസ്ഥാന സർക്കാരിനും പൊതുമരാമത്ത് വകുപ്പിനും തരാൻ ആലപ്പുഴയിലെ ജനങ്ങൾ തയ്യാറാണ്. ആലപ്പുഴ ബൈപ്പാസിന്റെ പണി ഏതുവിധേനയും പൂർത്തീകരിക്കാനുള്ള ബദൽസംവിധാനമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടക്കാലത്ത് ചില നിർദ്ദേശങ്ങൾ വച്ചിരുന്നു. പക്ഷേ അതും പണം ഏറെ ആവശ്യമായി വരുന്നതും സമയമെടുക്കുന്നതുമാണ്. പണമുള്ളതുകൊണ്ട് ഈ കാര്യങ്ങൾ നിർവ്വഹിക്കപ്പെടാൻ കഴിയും. എന്റെ ഒരു ആശങ്കകൂടി ഈ സഭയുടെ മുമ്പാകെ സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്നുമല്ല. ഇവിടെ നമുക്ക് പദ്ധതികളുണ്ട്. ഇപ്പോൾ പണവുമുണ്ട്. പക്ഷേ പല പദ്ധതികളും പണമുണ്ടായിട്ടും നടപ്പിലാക്കാൻ കഴിയാത്തതുപോലെ ഈ കാര്യത്തിലും ഉണ്ടാകുമോയെന്ന ഒരു വലിയ ആശങ്ക എന്നെപ്പോലെയുള്ളവർക്കുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിക്ക് അറിയാവുന്നതുമാണ്. ആലപ്പുഴ കുടിവെള്ള പദ്ധതിക്ക് 160 കോടി രൂപ കേന്ദ്ര സർക്കാർ നൽകി. മൂന്നുവർഷം കഴിഞ്ഞു. ആ പദ്ധതിയുടെ അഞ്ചുശതമാനം പണി പോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 1,841 കോടി രൂപ കുട്ടനാട് കാർഷിക പാക്കേജിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. അതിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര പദ്ധതികളും പണവും വരുന്നു. പക്ഷേ സമയബന്ധിതമായി നമുക്ക് ഒരു പണിയും പൂർത്തീകരിക്കാൻ കഴിയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... അങ്ങ് റോഡിന്റെ കാര്യം പറയൂ.

ശ്രീ. എ. എ. ഷുക്കൂർ: അത്തരത്തിലുള്ള അവസ്ഥ ഈ പദ്ധതിക്ക് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ അടിയന്തരമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി ഈ കാര്യങ്ങൾ നിർവ്വഹിച്ച് ആലപ്പുഴയുടെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടാനും ഗതാഗതക്കുരുക്ക് അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ദേശീയപാതയുടെ വികസനരംഗത്ത് കേരളം എത്രകണ്ട് പിന്നിലാണെന്ന് തെളിയിക്കുന്ന ഒരു പ്രധാനപ്പെട്ട ഉദാഹരണമാണ് ആലപ്പുഴ-കൊല്ലം ബൈപ്പാസ്. ബഹുമാനപ്പെട്ട അംഗം എ.എ.ഷുക്കൂർ പറഞ്ഞതുപോലെ കാൽനൂറ്റാണ്ടുകാലമായി കാത്തിരിക്കുന്നതാണ്. ഇതാണ് കേരളത്തിലെ ദേശീയപാത വികസനത്തിന്റെ അവസ്ഥ ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ ദേശീയപാത

LIBRARY ARCHIVES Kerala Legislative Assembly

കളുടെ പൊതുവിലുള്ള വികസനത്തിന്റെ ഭാഗമായെടുത്താൽ ഇതിന് ഒരു പരിഹാരം സാധ്യമാകുകയില്ലെന്ന് കണ്ടുകൊണ്ടാണ് ഇങ്ങനെയൊരു മാറ്റത്തിലേയ്ക്ക് വന്നിട്ടുള്ളത്. ആലപ്പുഴ ബൈപ്പാസ് ദേശീയപാത-47-ലെ കൊമ്മാടി ഭാഗത്തുതുടങ്ങി കളർകോട് വരെയുള്ള 7.580 മീറ്ററാണ്, ഏഴര കിലോമീറ്റർ. കൊമ്മാടി ഭാഗത്തുള്ള 575 മീറ്റർ ഒഴികെയുള്ള റോഡ് ഏഴ് മീറ്റർ വീതിയിൽ പൂർത്തിയായിട്ടുണ്ട്. ഏകദേശം 95 മീറ്റർ നീളംവരുന്ന രണ്ട് റെയിൽവെ ഓവർ ബ്രിഡ്ജുകൾ ഇതിൽ നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ആ ഭാഗത്തെ അപ്രോച്ച് റോഡിന്റെ പണിയും തീരാനുണ്ട്. നിലവിൽ ബീച്ചുഭാഗം 1.080 മീറ്റർ ടാർ ചെയ്തിട്ടുണ്ട്. ബീച്ച് സംരക്ഷിക്കേണ്ടതിന് ഈ ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുൾപ്പെടെയുള്ള തീരുമാനം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാതിരുന്നതുകൊണ്ട് 2010 സെപ്തംബറിൽ ഡൽഹിയിൽവച്ച് കേന്ദ്ര ഉപരിതല വകുപ്പുമന്ത്രി ശ്രീ. കമൽനാഥുമായി ഇക്കാര്യം ഞാൻതന്നെ വിശദമായി ചർച്ച ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ചേർന്നുകൊണ്ട് ഇതുൾപ്പെടെയുള്ള കാര്യങ്ങൾ കേന്ദ്ര സർഫസ് ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. കമൽനാഥുമായി വീണ്ടും ചർച്ച ചെയ്തു. ദേശീയപാതാ-47 ബി.ഒ.ടി. അടിസ്ഥാനത്തിൽ 45 മീറ്ററായി വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ ബൈപ്പാസുകളുടെ കാര്യം പ്രത്യേകം പരിഗണിക്കാൻ കഴിയില്ലെന്നുള്ള നിലപാടാണ് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉന്നത ഉദ്യോഗസ്ഥൻമാർ ആ മീറ്റിംഗിൽ കൈക്കൊണ്ടത്. എന്നാൽ കേന്ദ്രമന്ത്രി ശ്രീ. കമൽനാഥിന്റെ ഇടപെടൽമൂലം ആലപ്പുഴ-കൊല്ലം ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തിയായതുകൊണ്ട് ഒരു പ്രത്യേക പരിഗണന നൽകാമെന്ന് അന്ന് സമ്മതിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ആലപ്പുഴ ബൈപ്പാസിന്റെ പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ട്. ശ്രീ. എ. എ. ഷുക്കൂർ പറഞ്ഞതുപോലെ 157 കോടി രൂപയൊന്നും അനുവദിച്ചിട്ടില്ല. 157 കോടി രൂപയുടെ ഒരു പദ്ധതിക്ക് in principle അപ്രൂവൽ കിട്ടിയിട്ടുണ്ട്. അതുസംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാലിന് ഒരു അറിയിപ്പും ലഭിച്ചിട്ടുണ്ട്. കൊല്ലം ബൈപ്പാസിന്റെ ഉത്തരവ് ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചു കഴിഞ്ഞാൽ കേരളത്തിന്റെ ചിരകാല സ്വപ്നമായ അല്ലെങ്കിൽ ആലപ്പുഴയുടെയും കൊല്ലത്തിന്റെയും ചിരകാല സ്വപ്നങ്ങളായ ആലപ്പുഴ-കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനമാരംഭിക്കും.

<u>ശ്രീ. എ. എ. ഷുക്കൂർ</u>: സർ, നമുക്ക് ഇനി മൂന്നുമാസക്കാലത്തെ ഭരണത്തിന്റെ നിർവ്വഹണ ഘട്ടമാണുള്ളത്. ബൈപ്പാസിന്റെ പണം അനുവദിക്കപ്പെട്ട് കഴിഞ്ഞാൽ എത്ര കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് ഉറപ്പുതരാൻ കഴിയുമോ?

<u>ശ്രീ. എം. വിജയകുമാർ</u>: ഇതിന്റെ പ്രാധാന്യമെല്ലാം കണക്കിലെടുത്തുകൊണ്ട് ഇതിന് അനുവാദം നേടുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തതിനുശേഷം നിർമ്മാണം ആരംഭിക്കണമെന്നാണ് സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത്. ഇന്നലെ നാഷണൽ ഹൈവേയുടെ ചീഫ് എഞ്ചിനീയർ ശ്രീ. ജോസഫ് മാത്യു ഡൽഹിയിൽ പോയിട്ടുണ്ട്. അദ്ദേഹവുമായി ഞാൻ രാവിലെ സംസാരിച്ചിരുന്നു. ഇതിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മറ്റ് നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം

ശ്രീ. തോമസ് ചാണ്ടി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അഴിമതിക്കെതിരെ കുരിശുയുദ്ധം നടത്തുന്ന ഒരു മുഖ്യമന്ത്രിയാണെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും യാതൊരു സംശയവുമില്ല. പക്ഷെ കുട്ടനാട് പാക്കേജിന്റെ കാര്യത്തിൽ അഴിമതി കാണിച്ചുകഴിഞ്ഞിട്ട് കുരിശുയുദ്ധം നടത്തുന്നതിനേക്കാൾ അഴിമതി ഉണ്ടാകാനുള്ള എല്ലാ വഴികളും അങ്ങ് കൊട്ടിയടയ്ക്കുകയാണ് വേണ്ടത്. ഞാൻ രണ്ട് ദിവസം മുമ്പ് ബോട്ട് ഓടിച്ച് ആ കായലിലൂടെ പോയപ്പോൾ അവിടെ ഒരു വർക്ക് നടക്കുന്നു. എന്താണ് ഇതെന്ന് ഉദ്യോഗസ്ഥരെ വിളിച്ചു ചോദിച്ചു. പിന്നീട് എനിക്ക് മനസ്സിലായി കുട്ടനാട് പാക്കേജിന്റെ ഭാഗമായി അവിടെ വർക്ക് ആരംഭിച്ചിരിക്കുന്നുവെന്ന്. ഞാൻ ആ നാട്ടിലെ എം.എൽ.എ.യാണ്. എത്ര രൂപയുടെ കോൺട്രാക്ടാണ് ഈ പാടത്തിനെന്ന് ഞാൻ പലരോടും ചോദിച്ചു. അറിയില്ല. ആദ്യത്തെ ബോട്ട് യാത്രയിൽ, മന്ത്രിമാരായ ശ്രീ. എൻ. കെ. പ്രേമചന്ദ്രനും, ശ്രീ. മുല്ലക്കര രത്നാകരനും, ശ്രീ എസ്. ശർമ്മയും, ശ്രീ. സി. ദിവാകരനുമൊക്കെ സാക്ഷികളാണ്. ആർ. ബ്ലോക്കിന്റെ അതിലെ ബോട്ട് തിരിച്ചുവിട്ട് ഇപ്പോഴുള്ള ഉയരത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് കല്ലുകെട്ടിയാൽ ഇവിടെ രണ്ട് കൃഷി ചെയ്യാമെന്നും പാവങ്ങളുടെ വീട്ടിൽ വെള്ളം കയറില്ലെന്നും ശ്രീ. ശരത് പവാറിനോട് ആദ്യം പറഞ്ഞുകൊടുത്തതിനും എം.എസ്. സ്വാമിനാഥനെ ഇങ്ങോട്ട് അയച്ചതിനും ഈ നാല് മന്ത്രിമാരും ഏതാനും എം.എൽ.എ.മാരും രണ്ട് എം.പി.മാരും സാക്ഷികളാണ്. അതുകൊണ്ട് മാസത്തിൽ ഒരിക്കൽ പ്രോസ്പിരിറ്റി കൗൺസിൽ കൂടിയിരിക്കണമെന്ന് അങ്ങ് അടിയന്തരമായി ഒരു നിർബന്ധ നിയമം വയ്ക്കണം. മന്ത്രിസഭാ യോഗം കൂടുന്ന അതേ ഗൗരവത്തിൽത്തന്നെ പ്രോസ്പിരിറ്റി കൗൺസിലും നിർബന്ധമായും വിളിച്ചുചേർക്കണമെന്ന് നിഷ്കർഷിക്കണം. ഞങ്ങൾക്ക് ഇൻറൈറ്റിംഗിൽ കിട്ടണം, കഴിഞ്ഞ മാസത്തിൽ എത്ര ടെണ്ടറുകൾ വിളിച്ചു? ആരാണ് കോൺട്രാക്ടർ? എത്ര അടി ഉയരമുണ്ട്? അതിന് മുകളിൽ എത്ര അടി വീതിയുണ്ട്? അടുത്ത മാസത്തിൽ ഏതൊക്കെ ടെൻഡറുകൾ ചെയ്യാൻ പോകുന്നു? ഇതിന്റെ മുൻഗണനാക്രമം എങ്ങനെയാണ്? എത്ര പശുവിനെ വിതരണം ചെയ്തു? എത്ര ആടിനെ വിതരണം ചെയ്തു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ കാര്യത്തിൽ ഇടപെടുന്നില്ലെങ്കിൽ ഇപ്പോൾ തന്നെ അഴിമതി കൊടികുത്തി വാഴുന്ന പല വകുപ്പുകളും കുട്ടനാട്ടിലെ പാവപ്പെട്ടവന്റെ പണവും കൊണ്ടുപോകും. കുട്ടനാട്ടിലെ നെല്ലുൽപ്പാദനം ഇരട്ടിയാക്കുന്നതിന് കർഷകർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പാഴാക്കാൻ സമ്മതിക്കരുതെന്ന് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.